# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2003 07/12/2015-ൽ മറുപടിയ്ക്ക്**

**മത്സ്യവിത്തിന്റെ ഗുണനിലവാരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. പി. എ. മാധവൻ:<br>ശ്രീ. വി. ഡി. സതീശൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) കൃഷി ചെയ്യുന്ന മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ? വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. കേരള നിയമസഭ പാസ്സാക്കിയതിൻ പ്രകാരമുള്ള 2014 -ലെ കേരള മത്സ്യവിത്ത് ബില്ലിന് 2014 ഡിസംബർ 31-ാം തീയതി ബഹു. കേരള ഗവർണറുടെ അനുമതി ലഭിച്ചിട്ടുണ്ട്. 2015-ലെ 4-ാം ആക്റ്റ് ആയി ടി നിയമം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഗുണനിലവാരം കുറഞ്ഞ മത്സ്യക്കുഞ്ഞുങ്ങളെ ഉപയോഗിച്ച് മത്സ്യകൃഷി നടത്തുന്നത് വഴി മത്സ്യങ്ങൾക്ക് വേഗത്തിൽ രോഗം ബാധിക്കുന്നതായും ആയത് ഭക്ഷണത്തിന് യോഗ്യമല്ലെന്നുമുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പ് ഇവയുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (ബി) നിലവിൽ അഡാക്കിന്റെ ഉടമസ്ഥതയിൽ വർക്കല ഓടയം ഹാച്ചറി, കുമ്പളങ്ങി, വടക്കൻ പറവൂർ എന്നിവിടങ്ങളിൽ മത്സ്യ / ചെമ്മീൻ വിത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പി.സി.ആർ ഉൾപ്പെടെയുള്ള വിവിധ തരത്തിലുള്ള ടെസ്റ്റുകൾ ചെയ്യുന്നതിന് വേണ്ടിയുള്ള ലാബുകൾ പ്രവർത്തിച്ചു വരുന്നു. ചെമ്മീൻ വിത്തിന്റെ ഗുണനിലവാരം പരിശോധിച്ച് രോഗാണു വിമുക്തമാണെന്ന് ഉറപ്പു വരുത്തിയതിന് ശേഷമാണ് ചെമ്മീൻ വിത്തുകൾ കർഷകർക്ക് നൽകി വരുന്നത്. കൂടാതെ അഡാക്കിന്റെ നേതൃത്വത്തിൽ അക്വാട്ടിക് ആനിമൽ ഹെൽത്ത് ലബോറട്ടറി NFDB ധനസഹായത്തോടെ തേവരയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014 -ലെ കേരള മത്സ്യവിത്ത് ആക്ട് നടപ്പാക്കുന്നതിനാവശ്യമായ മത്സ്യവിത്ത് ചട്ടങ്ങൾ തയ്യാറാക്കി വരികയാണ്. ടി ചട്ടങ്ങൾ നിലവിൽ വരുമ്പോൾ മത്സ്യവിത്ത് ഫാമിനും ഹാച്ചറികൾക്കും രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ നൽകൽ, സീഡ് സർട്ടിഫിക്കേഷൻ, ഹാച്ചറികളിലും , ഫാമുകളിലും പരിശോധന നടത്തുക, രോഗബാധിതമായ വിത്തുകൾ നശിപ്പിച്ചു കളയുക, ഇത്തരം വിത്തുകൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങൾ പ്രാബല്യത്തിൽ കൊണ്ടു വരാൻ കഴിയും. |

| | | | |
|---|---|---|---|
| (സി) | മത്സ്യവിത്തിന്റെ ഗുണനിലവാര പരിശോധന ആരംഭിച്ചിട്ടുണ്ടോ; ഏത് അതോറിറ്റിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | മത്സ്യവിത്തിന്റെ ഗുണനിലവാര പരിശോധന ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ജലകൃഷി വികസന ഏജൻസിയെയാണ് (അഡാക്ക്) ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | മത്സ്യവിത്ത് ഉല്പാദക കേന്ദ്രങ്ങൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തി മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | 2014-ലെ കേരള മത്സ്യവിത്ത് ആക്ട് നടപ്പാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ തയ്യാറാക്കി വരികയാണ്. ആയത് പ്രസിദ്ധീകരിക്കുന്നതോടെ 2014- ലെ കേരള മത്സ്യവിത്ത് ആക്ടും പ്രസ്തുത ചട്ടങ്ങളും പ്രകാരം മത്സ്യവിത്ത് ഉല്പാദന കേന്ദ്രങ്ങൾക്ക് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഏർപ്പെടുത്തുകയും മത്സ്യവിത്തുകളുടെ ഗുണനിലവാരം നിയമപരമായി ഉറപ്പു വരുത്തുന്നതിന് കഴിയുന്നതുമാണ്. |

സെക്ഷൻ ആഫീസർ